### പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 779 | 08.01.2014-ൽ മറുപടിക്ക്

## ജീവിതശൈലീരോഗങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം തുടങ്ങിയവ തടയാൻ പ്രത്യേകമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം തുടങ്ങിയവ തടയാൻ 2009-10 കാലയളവിൽ തിരുവനന്തപുരത്തും വയനാട്ടിലും ഒരു പൈലറ്റ് പദ്ധതി നടപ്പിലാക്കിയിരുന്നു. 2010-ൽ കേന്ദ്രാവിഷ്കൃത ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. (നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & കൺട്രോൾ ഓഫ് കാൻസർ, ഡയബെറ്റിസ്, കാർഡിയോ വാസ്കുലർ ഡിസീസസ് ആന്റ് സ്ട്രോക്ക്) പത്തനംതിട്ടയിൽ ആരംഭിച്ചു. 2011-ൽ കേന്ദ്ര പദ്ധതി തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു. 2011-ൽ സംസ്ഥാന ആരോഗ്യവകുപ്പ് 14 ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുകയുണ്ടായെങ്കിലും 2012 ഏപ്രിൽ മുതലാണ് ചിട്ടയായി നടപ്പാക്കപ്പെട്ടത്. പൂർണ്ണതോതിലായ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 'അമൃതം ആരോഗ്യം' എന്ന പേരിൽ 2012 ഡിസംബറിൽ നടത്തുകയും ചെയ്തു. 2013-14 മുതൽ ഈ പദ്ധതി എൻ.ആർ.എച്ച്.എം-ന്റെ പി.ഐ.പി-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതുവരെ ആയതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ആഴ്ചയിൽ ഒരു ദിവസവും, എൻ.പി.സി.ഡി.സി.എസ്. ജില്ലകളിൽ എല്ലാ സി.എച്ച്.സി. -കളിലും ആഴ്ചയിൽ ആറു ദിവസവും പ്രമേഹം, രക്ത സമ്മർദ്ദം, ഹൃദ്രോഗം എന്നി രോഗങ്ങളുടെ സ്ക്രീനിംഗ് നടക്കുന്നു. രക്താതി സമ്മർദ്ദം, പ്രമേഹം എന്നിവയുടെ ചികിത്സക്കായി |

(...2)

ഒരു വിദഗ്ധസമിതി ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ
തയ്യാറാക്കുകയും ഇത് പ്രകാരമുള്ള 12 ഇനം മരുന്നു
കൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പ
റേഷൻ വഴി സംഭരിക്കുകയും പി.എച്ച്.സി തലം
വരെ എത്തിക്കുകയും ചെയ്തു. സ്ട്രിപ്പുകളും മറ്റ്
അനുബന്ധ രേഖകളും സബ് സെന്റർ തലം വരെ
എത്തിച്ചു. ഈ പദ്ധതിയുടെ ഭാഗമായി എൻ.പി.സി.
ഡി.സി.എസ് പ്രോഗ്രാം നിലവിലുള്ള ജില്ലാ
ആശുപത്രിയിലും ആഴ്ചയിൽ ഒരു ദിവസം പ്രത്യേകം,
ഒരേ സമയത്ത്. ഹൃദ്രോഗം എന്നീ രോഗങ്ങൾ
ചികിത്സിക്കുന്നതിനുള്ള എൻ.സി.ഡി ക്ലിനിക്ക്
നടപ്പിലാക്കി വരുന്നു. എൻ.പി.സി.ഡി.സി.എസ്
പ്രോഗ്രാം നിലവിലുള്ള എല്ലാ ജില്ലാ ആശുപത്രി
കളിലും കൊറോണറി കെയർ യൂണിറ്റ് സ്ഥാപിച്ചി
ട്ടുണ്ട്. എൻ.പി.സി.ഡി.സി.എസ് പ്രോഗ്രാം നിലവി
ലുള്ള 5 ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെ
യുള്ള ചികിത്സാ സൗകര്യങ്ങൾ ഉള്ള കാൻസർ
ക്ലിനിക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി
കീമോതെറാപ്പിയിൽ ട്രെയിനിംഗ് നൽകിയ
ഡോക്ടർമാർ, നഴ്സുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്.
ആരോഗ്യവകുപ്പിലെ എല്ലാ ജീവനക്കാർക്കും
എൻ.സി.ഡി -കായി നിയമിച്ച എല്ലാ ഡോക്ടർ
മാർക്കും മറ്റ് സ്റ്റാഫുകൾക്കും ജീവിതശൈലീരോഗ
നിയന്ത്രണത്തിനുള്ള വിവിധ പരിശീലനങ്ങൾ
നൽകുകയുണ്ടായി. സംസ്ഥാനത്തെ 836 പി.എച്ച്.
സി. കളിലും, 232 സി.എച്ച്.സി. കളിലും 5144
സബ്സെന്ററുകളിലും ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാര
റ്റസ്, വെയിംഗ് മെഷീൻ എന്നിവ വാങ്ങി
വിതരണം ചെയ്യുകയും ചെയ്തു.

സെക്ഷൻ ഓഫീസർ